മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉൽപ്പാദനം

73 (T6524) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പ്ലാന്റ് സംസ്ഥാനത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയാണ് സ്ഥാപിക്കുന്നത് ;

(സി) പ്ലാന്റിന്റെ സ്ഥാപനത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ഡി) എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രസ്തുതപ്ലാന്റിൽനിന്ന് ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) എന്തുതുകയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത് ;

(എഫ്) പ്ലാന്റിനായി എത്ര സ്ഥലം ഉപയോഗിക്കേണ്ടി വരും ; മാലിന്യങ്ങൾ ദുർഗന്ധപൂരിതമാകാതിരിക്കാൻ പ്ലാന്റിൽ സജ്ജീകരണങ്ങളുണ്ടാകുമോ ;

(ജി) പ്ലാന്റ് സ്ഥാപിക്കുന്നതിനുമുമ്പ് പൊതുജനങ്ങളെ ആയത് ബോധ്യപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്ത് ചാലയിലും എറണാകുളത്ത് ബ്രഹ്മപുരത്തും പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) തിരുവനന്തപുരത്ത് ചാലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെയും ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് കൊച്ചി കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി) ടി. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ പ്രാഥമിക തലത്തിലാണുള്ളത്. പ്ലാന്റ് നിർമ്മാണത്തിന് കരാർ ഉടമ്പടി ആയാൽ മാത്രമേ പദ്ധതിയിൽനിന്നും എത്രയൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പറയുവാൻ കഴിയുകയുള്ളൂ.

(ഇ) പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെ പി.പി.പി. അടിസ്ഥാനത്തിൽ നിർവ്വഹണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആകയാൽ മൂലധനം സ്വകാര്യ മേഖലയിൽനിന്നാണ് കണ്ടെത്തുന്നത്. പദ്ധതിയുടെ കരാർ ഉടമ്പടി ആയാൽ മാത്രമേ എന്ത് തുക മൂലധനച്ചെലവ് വരുമെന്ന് പറയാൻ കഴിയുകയുള്ളൂ.

(എഫ്) ചാലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് 2 ഏക്കർ സ്ഥലവും ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് 5 ഏക്കർ സ്ഥലവും ലഭ്യമാക്കാമെന്നാണ് പ്രാഥമികമായി തീരുമാനിച്ചിട്ടുള്ളത്. പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടി പ്ലാന്റുകൾ പരിസ്ഥിതിക്കിണങ്ങിയതും

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ദുർഗന്ധരഹിതവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. മാലിന്യം പുറമേ നിക്ഷേപിക്കാതെ, പ്ലാന്റിന്റെ വശങ്ങൾ അടച്ച് നിർമ്മാണം നടത്താനാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആകയാൽ ദുർഗന്ധ പൂരിതമാകാനുള്ള സാദ്ധ്യത കുറവാണ്.

(ജി) പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ആവശ്യകതയും ആയതിന്റെ പ്രത്യേകതകളും പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശുചിത്വ മിഷൻ നടപടി സ്വീകരിച്ചു വരുന്നു.

മാലിന്യങ്ങളിൽനിന്ന് വൈദ്യുതി

74 (T6525) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും നഗരങ്ങളിൽ മാലിന്യങ്ങളിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുണ്ട്.

(ബി) തിരുവനന്തപുരത്ത് ചാലയിലും എറണാകുളത്ത് ബ്രഹ്മപുരത്തും പ്ലാന്റുകൾ സ്ഥാപിക്കാനാണ് ശുചിത്വ മിഷൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരത്ത് ചാലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെയും ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിലേക്ക് കൊച്ചി കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി സഹകാര്യപങ്കാളിത്തത്തോടെ പി.പി.പി. അടിസ്ഥാനത്തിൽ നിർവ്വഹണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി പ്ലാന്റുകൾ പരിസ്ഥിതിക്കിണങ്ങിയതും ദുർഗന്ധരഹിതവും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതായിരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

75 (6526) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ ;

(ബി) അംഗീകാരം നൽകാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ ?

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly